പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2362 **27-10-2026-ൽ മറുപടിയ്ക്ക്**

നേമം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമവും വൈദ്യുതി ശൃംഖലയുടെ നവീകരണവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. രാജീവ് ചന്ദ്രശേഖർ	ശ്രീ. സണ്ണി ജോസഫ് (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) നേമം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ വോൾട്ടേജ് വ്യതിയാനവും അടിക്കടിയുള്ള വൈദ്യുതി തടസ്സങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

നേമം മണ്ഡലത്തിലെ തിരുവല്ലം ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെട്ട തമ്പുരാൻമുക്ക് ട്രാൻസ്ഫോർമർ പരിധിയിൽ കുന്നിൽ ശാസ്താം നഗറിലും, കരിംകുളങ്ങര ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം ഉണ്ടെന്നുള്ള പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിക്കുന്നതിലേക്കായി 2025-2026 (ദ്യുതി-2.0), 2026-2031 (ദ്യുതി-3.0) എന്നീ പദ്ധതികളിൽ പ്രവൃകൾ ഉൾപ്പെടുത്തി നിലവിലുള്ള ACSR ലൈൻ മാറ്റി കേബിൾ ആക്കുന്നതിനും സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകൾ ആക്കുന്നതിലേക്കും പദ്ധതി KSEBL തയ്യാറാക്കിയിട്ടുണ്ട്.

സോളാർ ഇൻസ്റ്റാലേഷനുമായി ബന്ധപ്പെട്ട് മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹൈ വോൾട്ടേജ് വരുന്നതായും പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിഹരിക്കാൻ ആവശ്യമായ ശേഷിയുള്ള കേബിളുകളും/ കണ്ടക്ടറും ഉപയോഗിച്ച് കണക്ഷൻ ദൃഢമായി ബന്ധിപ്പിച്ചും, അധികം ലോഡ് ക്രമീകരിച്ചും അത്തരം പരാതികൾ പരിഹരിച്ചിട്ടുണ്ട്.

(ബി) ഗ്രിഡ് സോളാർ സ്ഥാപിക്കുന്നവർക്ക് നെറ്റ് മീറ്റർ നൽകാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നെറ്റ് മീറ്റർ ക്ഷാമത്തിന്റെ കാരണം എന്താണ് എന്നത് വ്യക്തമാക്കുമോ; പ്രതിസന്ധി പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ്മീറ്ററിന്റെ ദൗർലഭ്യം പരിഹരിച്ചു വരുന്നു. പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ്മീറ്ററിൽ, 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും, 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്.

ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെഎസ്ഇബി-യുടെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. 15000 സിംഗിൾ ഫേസ് മീറ്ററുകൾ കൂടി ഉടൻ

വിതരണം ചെയ്യാൻ കഴിയുന്നതാണ്. ബാക്കിയുള്ള 38300 സിംഗിൾ ഫേസ് മീറ്ററുകളും 2026 നവംബർ അവസാനത്തോട് കൂടി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

അതുപോലെ തന്നെ ത്രീ ഫേസ് മീറ്ററുകളിൽ ആദ്യത്തെ അലോട്ട്മെന്റ് ആയി 9000 മീറ്ററുകൾ ഈ മാസം (ഒക്ടോബർ 2026) അവസാനത്തോടുകൂടി കെഎസ്ഇബി-യുടെ TMR യൂണിറ്റുകളിൽ എത്തിച്ചേരുന്നതാണ്. 6300 എണ്ണം ത്രീ ഫേസ് മീറ്ററുകൾ നവംബർ 2026 അവസാനത്തോടുകൂടിയും എത്തിച്ചേരും. ബാക്കി 5700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ്.

(സി) നെറ്റ് മീറ്റർ പ്രതിസന്ധി കാരണം എത്ര കെ.വി.വൈദ്യുതി ഉത്പാദനമാണ് പുരപ്പുറ സോളാർ പദ്ധതി പ്രകാരം മുടങ്ങിക്കിടക്കുന്നത് എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> നെറ്റ് മീറ്റർ സ്ഥാപിക്കാത്തതു വഴി മുടങ്ങിക്കിടക്കുന്ന സൗരോർജ്ജ ഉൽപ്പാദനശേഷിയുടെ കണക്ക് നിലവിൽ ലഭ്യമല്ല എന്ന് KSEBL അറിയിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>മറുപടി:</u> വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകതയും സോളാർ വൈദ്യുതി ഗ്രിഡുമായി സംയോജിപ്പിക്കുന്നതുമൂലമുള്ള ആവശ്യങ്ങളും നിറവേറ്റുന്നതിനുമായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan ആയ Dyuthi 3.0-ൽ നിലവിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്നതിനും പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ, പുനരുപയോഗ ഊർജത്തിന്റെ ഗ്രിഡ് സംയോജനം സുഗമമാക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്നതിന് വാർഷിക വിഹിതത്തിൽ 86 കോടി രൂപ ഉൾപ്പെടുത്തിയാണ് Dyuthi 3.0-യുടെ സാമ്പത്തിക മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷിപരിധിയിലെത്തുന്ന വിതരണ ട്രാൻസ്ഫോർമറുകൾ കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും ആവശ്യമായ വിതരണ ശൃംഖലാ വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ